## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
## കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം- കോട്ടയം നഗരസഭ ശ്രീ. രാജേഷ്.റ്റി. ജി. യുടെ വാസഗൃഹ നിർമ്മാണം-കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം: കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 31.12.2018 ലെ PW7/BA/436/18-19 നമ്പർ കത്ത്.

================================================================================

**ഉത്തരവ് നമ്പർ C/2024/18/D.Dis, തീയതി : 15.01.2019**

================================================================================

കോട്ടയം നഗരസഭയിൽ, കോട്ടയം വില്ലേജിൽ, ബ്ലോക്ക്-155, റീ സർവ്വെ നമ്പർ 59 ൽ പെട്ട 0.97 Are വിസ്തീർണ്ണമുള്ള സ്ഥലത്ത് 37.3658.57 ച. മീറ്റർ വിസ്തീർണ്ണമുള്ള ഇരുനില വാസഗൃഹം നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടി സ്ഥലം കോട്ടയം ഡെവലപ്മെന്റ് പ്ലാൻ പ്രകാരം അഗ്രികൾച്ചറൽ സോണിൽ ഉൾപ്പെടുന്നു. ടി സോണിൽ 300 ച: മീറ്റർ താഴെ വിസ്തീർണ്ണമുള്ള സിംഗിൾ ഫാമിലി റസിഡൻഷ്യൽ ബിൽഡിംഗിന് ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസ് ആവശ്യമാണ്. ടി വിഭാഗത്തിൽ പെടുന്ന വാസഗൃഹ നിർമ്മാണമായതിനാൽ താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയ മായി മേഖലാ നിയന്ത്രണ ചട്ടം പ്രകാരം കൺകറൻസ് നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. KMBR-99 ചട്ടം 11(1) പ്രകാരം നിർദ്ദിഷ്ട സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, വിസ്തീർണ്ണം, വസ്തുവിന്മേൽ അപേക്ഷകനുള്ള ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ശരിയാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
2. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
3. നിർദ്ദിഷ്ട സ്ഥലത്ത് വികസന/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധക മെങ്കിൽ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ സർക്കുലറുകൾക്കും 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവിനും അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
4. KMBR-1999 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

അംഗീകരിച്ച പ്ലാൻ 01/19/KTM ഉള്ളടക്കം ചെയ്യുന്നു.

സുജ മത്തായി
ടൗൺ പ്ലാനർ

സെക്രട്ടറി
കോട്ടയം നഗരസഭ (ഉള്ളടക്കം സഹിതം)

OFFICE OF THE TOWN PL... PIN - 686 00.. PH: 2564160 KOTTAYAM

പകർപ്പ് : ശ്രീ. രാജേഷ്.ടി.ജി.
തെള്ളിച്ചിറയിൽ വീട്
കാരാപ്പുഴ, കോട്ടയം

MD/16.01.19